# ലക്ഷദ്വീപ് സംയോജിത ദ്വീപ് മാനേജ്മെന്റ് പ്ലാൻ, കല്പേനി ദ്വീപ്

## 1. പശ്ചാത്തലം

1.1 മാറിവരുന്ന വർദ്ധിച്ച ഗതാഗത വാർത്താവിനിമയ സൗകര്യം മുൻനിർത്തി ദ്വീപിലെ ജനസമൂഹം ജീവിത നിലവാരം ഉയർത്തുന്നതിന് ശ്രമിക്കുന്ന ഈ ഘട്ടത്തിൽ സന്തുലിതമായ ദ്വീപിന്റെ പരിസ്ഥിതി നേരിടുന്ന ഭീഷണിയും സംരക്ഷണത്തിന്റെ പ്രാധാന്യവും കൂടി കണക്കിലെടുത്താണ് ഭൗമശാസ്ത്രകേന്ദ്രം ലക്ഷദ്വീപു ഭരണകൂടത്തിന് വേണ്ടി സംയോജിത ദ്വീപ് മാനേജ്മന്റ് പ്ലാൻ(IIMP) തയ്യാറാക്കിയിട്ടുള്ളത്. 2011ലെ ഇന്ത്യാ ഗവൺമന്റ് പരിസ്ഥിതി വനം വകുപ്പ് വിജ്ഞാപനം ചെയ്ത ദ്വീപ് സംരക്ഷണ മേഖല (Island Protection Zone) സംബന്ധിച്ച മാർഗ്ഗനിർദ്ദേശം അടിസ്ഥാനമാക്കിയാണ് ഈ സംയോജിത ദ്വീപ് മാനേജ്മന്റ് പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

1.2 സംയോജിത ദ്വീപ് മാനേജ്മന്റ് പ്ലാനിൽ നിലവിലുള്ളതും നടപ്പാക്കുവാൻ പരിഗണിക്കുന്നതുമായ വികസന പദ്ധതികളും സംരക്ഷിത, സംരക്ഷണ മേഖലകൾ, ജനവാസ സൗകര്യങ്ങൾ, വിദ്യാലയങ്ങൾ, മാർക്കറ്റ്, ആശുപത്രി, പൊതുസേവനങ്ങൾ മുതലായവ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. മാനേജ്മന്റ് പ്ലാനിൽ എല്ലാതരം വികസന പ്രവർത്തനങ്ങൾക്കും ആവശ്യമായ സ്ഥലസംബന്ധമായ കാര്യങ്ങൾ കണക്കിലെടുത്തിട്ടുണ്ട്.

(i) വേലിയേറ്റ രേഖയിൽനിന്നും മുകളിലേക്കുള്ള ദ്വീപിലെ മുഴുവൻ ഭൂപ്രദേശവും.

(ii) വേലിയേറ്റ രേഖയിൽനിന്നും വേലിയിറക്ക രേഖ വരെയുള്ള വേലിയേറ്റ മേഖല

(iii) വേലിയിറക്ക രേഖ മുതൽ പ്രാദേശിക ജലാതിർത്തി (12 നോട്ടിക്കൽ മൈൽ അഥവാ 20കി.മീ) വരെയുള്ള ജലവും അടിത്തട്ടും ഉൾപ്പെട്ട മേഖല.

പരിസ്തിതി വനം വകുപ്പ് മന്ത്രാലയം ചട്ടപ്പെടുത്തിയ പ്രകാരം അനുവദനീയമായ പ്രവൃത്തികൾ (അനുബന്ധം - II) തടയപ്പെടേണ്ടവയുടെ മാനദണ്ഡം.

1.3

ഇതിലേക്കാവശ്യമായ വിവരങ്ങൾ ഏറെയും വിവിധ ദ്വീപുകളിൽ സ്ഥല പരിശോധന നടത്തി ശേഖരിച്ചവയാണ്. 1:4000 സ്കെയിൽ അടിസ്ഥാനമാക്കി ദ്വീപിന്റെ ഭൗതിക സ്ഥിതിവിവരം തയ്യാറാക്കാൻ ഡിജിറ്റൽ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ദ്വീപിലെ ജനവാസ മേഖലയും അടിസ്ഥാന സൗകര്യ വിവരങ്ങളും ശേഖരിക്കാൻ ജി.പി.എസ് ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ഈ മേഖലകളുടെ തനതായ എല്ലാ കാര്യങ്ങളും ഉൾപ്പെടുത്തിയാണ് ഭൂപടം തയ്യാറാക്കിയിട്ടുള്ളത്. സംരക്ഷിത, സംരക്ഷണ മേഖലയുടെ ഭൂപടം പ്രത്യേകമായി തയ്യാറാക്കിയതാണ്. ദ്വീപ് മൊത്തമായും അതിനോട് ചേർന്നുള്ള ജനവാസമേഖലയും ഈ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2007ൽ തയ്യറാക്കിയ പവിഴപ്പുറ്റുകൾ സംബന്ധിച്ച ഭൂപടങ്ങൾക്ക് ഉന്നതനിലവാരമുള്ള ഉപഗ്രഹചിത്രങ്ങൾ ആധാരമാക്കുകയുണ്ടായി. ഇത്തരത്തിൽ ലഭ്യമായ വിവരങ്ങൾ ARC-GIS വേദിയിൽ ഉൾപ്പെടുത്തി. 1:4000 അനുപാദത്തിലെ സ്കെയിൽ അടിസ്ഥാനമാക്കിയാണ് ഭൂപടം

തയ്യാറാക്കിയിട്ടുള്ളത്. പരിസ്ഥിതി വനം മന്ത്രാലയം 1:10,000 അനുപാദത്തിലുള്ള സ്കെയിൽ അടിസ്ഥാനമാക്കി സംയോജിത ദ്വീപ് മാനേജ്മന്റ് പ്ലാൻ തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചിരുന്നെങ്കിലും പൊതുവെ ചെറുതായ ദ്വീപിനെ അടിസ്ഥാനപ്പെടുത്തിയുള്ള ഈ പദ്ധതിയുടെ വ്യക്തതയ്ക്ക് വേണ്ടി 1:4000 സ്കെയിലിലാണ് പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

1.4 സംയോജിത ദ്വീപ് മാനേജ്മന്റ് പ്ലാനിൽ അടിസ്ഥാനപരമായി തീരദേശ പരിസ്ഥിതി മേഖലയിൽ ഉൾപ്പെട്ടതുമായ സംരക്ഷിത, സംരക്ഷണ പ്രദേശങ്ങൾക്ക് ആവശ്യമായ ഊന്നൽ നൽകിയിട്ടുണ്ട്. ഈ പരിസ്ഥിതി മേഖലയുടെ നടത്തിപ്പിനെക്കുറിച്ച് വ്യകതമായ അറിവുള്ളതും പ്രക്രൃതിയിലുണ്ടാകുന്നതുമായ മാറ്റങ്ങളും പരിഗണനയിലെടുത്തിട്ടുണ്ട്. തീരദേശ ആവാസ വ്യവസ്ഥിതിയെ മാറ്റം വരുത്താൻ പാടില്ലാത്തതും അനുഭവമെടുക്കാവുന്നതും, മാറ്റങ്ങൾക്ക് വിധേയമാകുന്നതുമായ മേഖലകളാക്കി തിരിച്ചിട്ടുണ്ട്. മാറ്റം വരുത്താൻ പാടില്ലാത്ത മേഖലയിൽ അനുവദനീയമായ പ്രവൃത്തികൾ, വിനോദങ്ങൾ, ഗവേഷണം, പഠനങ്ങൾ എന്നിങ്ങനെ ആവാസവ്യവസ്ഥയിൽ യാതൊന്നും എടുത്തു നീക്കാൻ പാടില്ലാത്തതും ആവാസവ്യവസ്ഥയ്ക്ക് ദോഷകരവുമല്ലാത്ത കാര്യങ്ങൾ ഉൾപ്പെടുന്നു. അനുവദനീയമായ കാര്യങ്ങളിൽ മീൻപിടുത്തം, ഭൂഗർഭജലം, തീരമേഖലയിലെ മരത്തിന്റെ തടികൾ ശേഖരിക്കൽ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. പരിസ്ഥിതിയിൽ മാറ്റം വരാനിടയുള്ള (പവിഴപ്പുറ്റ് ശേഖരണം, സംസ്ക്കരിക്കാത്ത മാലിന്യങ്ങളുടെ നിർമാർജ്ജനം മുതലായവ) ദോഷകരമായ പ്രവർത്തനങ്ങളാണ്. ചില സാഹചര്യത്തിൽ മേൽ പറഞ്ഞ കാര്യങ്ങളിൽ പരസ്പരം കടന്നു കയറ്റം ഉണ്ടാകാവുന്നതാണ്. ദ്വീപുകളിലെ പ്രധാന തീരദേശ

പരിസ്ഥിതി, പവിഴപ്പുറ്റുകൾ, കടൽപ്പുല്ലുതടങ്ങൾ, മണൽത്തിട്ടകൾ, ലഗൂൺ, കടൽത്തീരത്തെ മണൽപ്രദേശം എന്നിവയാണ്.

കടലിലേക്ക് ഇത്തരം മാലിന്യങ്ങൽ നിക്ഷേപിക്കുന്നതും മൊത്തമായി കത്തിച്ചു നശിപ്പിക്കുന്ന സമ്പ്രദായത്തിനും പകരമായി മറ്റുവഴി തേടേണ്ടതുണ്ട്.

1.5 സംയോജിത ദ്വീപ് മാനേജ്മന്റ് പ്ലാനിൽ ദ്വീപിലെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഊന്നൽ നൽകിയിട്ടുണ്ട്. സാമൂഹികാവശ്യങ്ങളിൽ പ്രാഥമിക ആരോഗ്യസംരക്ഷണം, ഉറപ്പുവരുത്തുന്നതിനു വേണ്ട കേന്ദ്രങ്ങളും കിടക്കകളും, ഹൈസ്കൂളുകൾ, പ്രാഥമിക വിദ്യാലയങ്ങൾ, നേഴ്സറി വിദ്യാലയങ്ങൾ, മദ്രസ്സകൾ, അഗ്നിനിയന്ത്രണ സംരക്ഷണ സംവിധാനം, അവശ്യ വാർത്താവിനിമയ ഗതാഗതസൗകര്യങ്ങൾ മുതലായവ ഉൾപ്പെടുത്തിയിട്ടുണ്ട്. പൊതുവായി ഒരു കോളേജ്, ഐ.ടി.ഐ എന്നിവ ഹോസ്റ്റലോടു കൂടി ഒന്നോ രണ്ടോ വലിയ ദ്വീപിൽ ആകാവുന്നതാണ്. കൃതിമ അടിത്തറയോടെ 2-3നില കെട്ടിടങ്ങളുണ്ടാക്കാവുന്നതും അവ അടിയന്തര ഘട്ടങ്ങളിൽ പ്രകൃതി ദുരന്തങ്ങളുണ്ടാവുമ്പോൾ സുരക്ഷാകേന്ദ്രങ്ങളായി ഉപയോഗിക്കവുന്നതുമാണ്. പാർക്കുകൾ, കളിസ്ഥലങ്ങൾ എന്നിവയ്ക്കായി ജനവാസമേഖലയിൽ സ്ഥലം കരുതിവെയ്ക്കേണ്ടതാണ്. ഇവകളിൽ വിവിധ പ്രായക്കാർക്കാവശ്യമായ പൊതുസൗകര്യങ്ങളുമേർപ്പെടുത്തണം. ഒരു സ്റ്റേഡിയം അഥവാ ആധുനിക കളിസ്ഥലം ഒന്നോ രണ്ടോ

വലിയ ദ്വീപിൽ തയ്യാറാക്കണം. ഹൈസ്കൂളുകളെ കേന്ദ്രീകരിച്ച് സ്കൂൾ സമയം കഴിഞ്ഞ് സാംസ്കാരിക പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്താവുന്നതാണ്.

1.6 മിക്ക ദ്വീപുകളിലും ശുദ്ധജല സ്രോതസ്സ് കുറവാണ്. കവരത്തി, അഗത്തി, മിനിക്കോയ് എന്നീ ദ്വീപുകളിൽ കടൽവെള്ളം ശുദ്ധീകരണത്തിലൂടെ ഈ കുറവ് നികത്തുന്നു. ഈ അടിസ്ഥാനസൗകര്യം എല്ലാ ദ്വീപുകളിലും വേണ്ടതാണ്. മലിനജലം ഇപ്പോൾ പരമ്പരാഗത സെപ്റ്റിക് ടാങ്കുകളിലാണ് നിക്ഷേപിക്കുന്നത്. മണ്ണിന്റെ ഘടനയനുസരിച്ച് പകരമായി ഭസ്മീകരണകുളങ്ങളോ, എസ്.ടി.പി നിലയങ്ങളോ ഉണ്ടാക്കി മലിനജല നിയന്ത്രണത്തിനു പരിഗണിക്കാവുന്നതാണ്. ഖരമാലിന്യങ്ങളുടെ നിയന്ത്രണം ഏറെ പ്രശ്നങ്ങളടങ്ങിയതാണ്.

1.7 പുതിയ സ്വകാര്യഭവനങ്ങൾ ക്കുള്ള ആവശ്യം താരതമ്യേന ചുരുങ്ങുവാൻ സാധ്യതയുണ്ടെന്ന് ദ്വീപിലെ ദശവാർഷിക ജനസംഖ്യാവർദ്ധന ദേശീയ ശരാശരിയിൽ കുറവായി തുടരുന്നതിൽ നിന്നും കണക്കാക്കാവുന്നതാണ്. യഥാർത്ഥത്തിൽ ഏറിയകൂറുംകൂടുതൽ പുതിയ ഭവന നിർമ്മാണ ആവശ്യം ഗവൺമന്റ് ഭാഗത്താണ്. അതും നിർദ്ദിഷ്ട നിലവാരത്തിലുള്ള ഇരുനില കെട്ടിടങ്ങൾക്കാണ്. സ്വകാര്യ ഭവനങ്ങൾ തുടർച്ചയായി പുതുക്കി ഇരുനില കെട്ടിടങ്ങളായി പുതുക്കിപ്പണിയുന്നു. ഇത്തരം ഘട്ടങ്ങളിൽ പുരയിടങ്ങളിലേക്ക് റോഡിൽ നിന്നും വഴി സൗകര്യം വേണമെന്ന് ആവശ്യപ്പെടുന്നു. അവരും കൂടുതൽ മെച്ചപ്പെട്ട സാമൂഹ്യവും സൗകര്യപ്രദവുമായ അടിസ്ഥാന സൗകര്യങ്ങളും ജീവിത നിലവാരം ഉയർത്താൻ വേണ്ട മറ്റു സൗകര്യങ്ങളും

ആഗ്രഹിക്കുന്നു. ദ്വീപിലെ ഭൂമി പ്രാഥമികമായി അവരുടെ കൈവശവും, ഉടമസ്ഥത യിലുമാകയാൽ ജനവാസ മേഖലയിൽ ഹോംസ്റ്റേക്ക് സജ്ജമാക്കാൻ പുതിയവ ഉണ്ടാക്കുന്നതിനേക്കാൾ നിലവിലുള്ള വീടുകൾ വികസിപ്പിക്കുകയാവും ഉത്തമം. അത്തരം പ്രവർത്തനങ്ങള്ക്കുപോലും അതാത് ഗ്രാമസഭയുടെ ഭൂരിപക്ഷ അംഗീകാരം ലഭിച്ച ശേഷമെ അനുവദിക്കാവൂ.

1.8 സംയോജിത ദ്വീപ് മാനേജ്മന്റ് പ്ലാൻ രൂപം നൽകിയിട്ടുള്ളത് 06.01.2011ന് കേന്ദ്ര പരിസ്ഥിതി വനം മന്ത്രാലയം വിജ്ഞാപനം ചെയ്ത നിർദ്ദേശങ്ങൾ (അനുബന്ധം-IV)ക്കും 11.05.2012തിയതിയിലെ ബഹുമാനപ്പെട്ട സുപ്രീം കോടതി കല്പ്പനയ്ക്കും അനുസൃതമായിട്ടാണ്. സംയോജിത ദ്വീപ് മാനേജ്മന്റ് പ്ലാൻ തയ്യാറാക്കേണ്ടത്. 1986ലെ പരിസ്ഥിതി സംരക്ഷണ നിയമപ്രകാരമായിരിക്കേണ്ടതും വിനോദസഞ്ചാരവുമായി ബന്ധപ്പെട്ട പദ്ധതികൾ ദ്വീപുജനതയുടെ നാനാവിധ താത്പര്യങ്ങൾ, ഉപജീവനമാർഗ്ഗം, മറ്റു അനുബന്ധഘടകങ്ങൾ എന്നിവയുമായി ഉണ്ടാകാവുന്ന സ്വാധീനം കണക്കിലെടുത്തായിരിക്കണമെന്ന സുപ്രീം കോടതിയുടെ കല്പനപ്രകാരമാണ്

(i) ഭൂവിനിയോഗരീതികൾ, ഭൂവിഭവസംരക്ഷണം, സംരക്ഷണവുമായി ബന്ധപ്പെട്ട വിവിധ പ്രശ്നങ്ങൾ.

(ii) അനുവദനീയമായ ഭൂവിനിയോഗ മാതൃക/വിവിധ ഭൂമേഖലയിൽ നിരോധിക്കപ്പെട്ടിട്ടുള്ളവ

ദ്വീപുകളിൽ ലഗൂണിന് അകത്തും പുറത്തും വിപുലമായ തോതിൽ പവിഴപ്പുറ്റുകൾ കാണപ്പെടുന്നു. സാധാരണയായി ലഗൂണിനകത്ത് 1-2 മീറ്റർ ആഴമുള്ള സ്ഥലങ്ങളിലാണ് പവിഴപ്പുറ്റുകൾ കാണപ്പെടുന്നത്. ഇത് തിരയടിക്കുന്ന തീരങ്ങളിൽ നിന്നും അകലെയാണ്. ലഗൂണിന് പുറത്ത് 30-40 മീറ്റർ വരെ ആഴത്തിൽ പവിഴപ്പുറ്റുകൾ കാണപ്പെടുന്നു. ദ്വീപു ഭരണകൂടം പവിഴപ്പുറ്റുകളെ സംബന്ധിച്ച് നടത്തിയ പര്യവേഷണത്തിൽ 14% മുതൽ 24% വരെ സജീവമായ പിഴപ്പുറ്റുകൾ ഉള്ളതായി കണ്ടിട്ടുണ്ട്. ബ്രൈൻ, കോറൽ, പ്ലേറ്റ് കോറൽ, മുതലായവയുൾപ്പെട്ട മേഖലകളെ സംരക്ഷിത മേഖലയായി പ്രഖ്യാപിക്കേണ്ടതാണ്. എന്നാൽ ബ്രാഞ്ചിംഗ് കോറലുകളുൾപ്പെട്ട മറ്റു സ്ഥലങ്ങൾ സംരക്ഷണ മേഖലയിൽ ഉൾപ്പെടുത്തേണ്ടതാണ്. ഈ മേഖലയോട് ചേർ ന്നുള്ള മറ്റു മേഖലയെ ബഫർ മേഖല( കരുതൽ ശേഖര മേഖല) യായും കണക്കാക്കണം. ബാക്കി മേഖലയെ ആളില്ലാത്ത പ്രദേശങ്ങളായി കണക്കാക്കുന്നു. ഇത്തരതിൽ പ്രത്യേക പരിഗണന കടൽപ്പുല്ലുൾപ്പെട്ട തടങ്ങൾക്കും നൽകേണ്ടത്.

(iii) കെട്ടിട നിർമ്മാണത്തിനും മറ്റു അനുബന്ധ വികസനപ്രവർത്തനത്തിനുമായി ലളിതമായ നിയമാവലി/ ചട്ടങ്ങൾ/ അഗ്നിസുരക്ഷ/ ആരോഗ്യം/ ശുചീകരണം മുതലായവ

1.9 ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ നിർദ്ദേശപ്രകാരം രൂപീകരിച്ച ഉന്നതാധികാരസമിതി തീരപ്രദേശത്ത് പാലിക്കേണ്ട

വേലിയേറ്റ വേലിയിറക്ക മേഖലയിലെ വികസന നിരോധിതമേഖലയെ സംബന്ധിച്ച് (NDZ) സ്വീകരിക്കേണ്ട നിയന്ത്രണങ്ങൾ/നിർദ്ദേശങ്ങൾ വിശദമായി പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. വികസന നിരോധിതമേഖല (NDZ) യായി ഒരു നിശ്ചിത പ്രദേശം സംരക്ഷിക്കേണ്ടതിന്റെ ഉദ്ദേശങ്ങൾ തീരദേശനിയമപ്രകാരം താഴെ പറയുന്നവയാണ്.

(i) ജീവനും സ്വത്തുക്കൾക്കും കടലാക്രമണം, മണ്ണൊലിപ്പ്, കൊടുങ്കാറ്റ്, ഭൂ ഉപരിതലത്തിലെ താപവർദ്ധന കാരണം സമുദ്രനിരപ്പിലുണ്ടാകുന്ന ഉയർച്ച മുതലായവയിൽ നിന്നും സംരക്ഷണം നൽകേണ്ടതിന്.

(ii) പരിസ്ഥിതി സംരക്ഷണം, തീരദേശത്തുള്ള ജൈവസമ്പത്തിനുള്ള നാശഭീഷണി ഏറെ പ്രത്യേകതയുള്ളതും പ്രകൃതിരമണീയവുമായ തീരദേശങ്ങളുടെ സംരക്ഷണത്തിനും

(iii) തീരപ്രദേശത്തേക്ക് തടസ്സങ്ങളില്ലാതെ പൊതുജനങ്ങൾക്ക് ആവശ്യാനുസരണം വരാനും വിനിയോഗിക്കാനുമുള്ള സൗകര്യം

(iv) പരിസ്ഥിതിക്ക് ഇണങ്ങുന്നതും ചെലവുചുരുങ്ങിയതുമായ തീരദേശസംരക്ഷണ പ്രവർത്തനങ്ങൾ

(v) തീരദേശത്തുള്ള വിവിധങ്ങളായ പ്രവർത്തനങ്ങൾ നിയന്ത്രിച്ചുകൊണ്ട് വികസന ലക്ഷ്യങ്ങൾ നേടുന്നതോടൊപ്പം പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്തുക.

2. <u>കല്പേനിക്കുവേണ്ടിയുള്ള സംയോജിത ദ്വീപ് മാനേജ്മന്റ് പ്ലാൻ</u>

2.1 കൽപേനി വലിപ്പം കൊണ്ടു ഇടത്തരം ദ്വീപാണ്. ഈ ദ്വീപിനോടനുബന്ധിച്ച് ചെറിയം, പിട്ടി, തുലാക്കം, കോടിത്തല എന്നീ ദ്വീപുകളുമുണ്ട്. ദ്വീപിന്റെ കിഴക്ക് ഭാഗത്തും തെക്ക് കിഴക്കു ഭാഗത്തുമായി ധാരാളം കല്ലുകളുള്ള സ്റ്റോം ബീച്ച് കാണാവുന്നതാണ്. ഇത് 1847ലെ കൊടുങ്കാറ്റിന്റെ സ്വാധീനത്തിലുണ്ടായതാണ്. നീണ്ടു കിടക്കുന്ന ദ്വീപിന്റെ വിസ്തീർണ്ണം 2.28ചതു.കീ.മീറ്ററാണ്. ദ്വീപിന്റെ മദ്ധ്യഭാഗത്തായിട്ടാണ് പ്രധാനമായും ആളുകൾ വസിക്കുന്നത്. പൊതുവെ ആഴമുള്ള ദ്വീപിന്റെ ലഗൂണിന് 25.6 ചതു.കി.മീ വിസ്താരമുണ്ട്. ദ്വീപിന്റെ വടക്ക് ഭാഗം വീതി കുറഞ്ഞ് നീണ്ടും തെക്ക് വീതി കൂടിയ നിലയിലുമാണ്. ദ്വീപുകാരുടെ മുഖ്യ തൊഴിൽ മീൻപിടിത്തമാണ്. മത്സ്യ ബന്ധനത്തിന് പുറമെ ദ്വീപിൽ നല്ല തെങ്ങുകൃഷിയും കടച്ചക്കയും കാണപ്പെടുന്നു. ഈ ദ്വീപിലെ ഉയർന്ന ജനസാന്ദ്രതയും, തീരദേശത്തെ മണ്ണൊലിപ്പും, പവിഴപ്പുറ്റുകളിലെ കുറവും, കടലിൽ നിന്നും മണൽ വാരുന്നതും തീര സംരക്ഷണത്തിനുണ്ടാക്കിയ പദ്ധതികളും ദ്വീപിന്റെ പരിസ്ഥിതിയെ ബാധിക്കുന്ന പ്രശ്നങ്ങളാണ്.

2.2നിയന്ത്രിത കരുതൽ മേഖലയുടെ പരിധി

2.2.1 തീരദേശത്തെ നിയന്ത്രിതമേഖല യതൊരു വിധ വികസനവും പാടില്ലാത്ത(NDZ) വേലിയിറക്ക - വേലിയേറ്റ മേഖലയോട് ചേർന്നുള്ളതാണ്. ഈ പ്രദേശത്ത് വികസന/ നിർമ്മാണ പ്രവൃത്തികൾ ചുരുക്കിയിട്ടുള്ളതും നിരോധിക്കപ്പെട്ടിട്ടുള്ളതുമാണ്.

നിയന്ത്രണമേഖല(Set Back Line) അടയാളപ്പെടുത്തിയിട്ടുള്ളത് എങ്ങനെയാണെന്ന് അനുബന്ധം-IIIൽ വിശദീകരിച്ചിട്ടുണ്ട്. ദ്വീപിലെ നിയന്ത്രണമേഖല കണക്കാക്കിയിട്ടുള്ളത് അതാത് പ്രദേശത്തിന്റെ പ്രകൃത്യാലുള്ള വ്യത്യസ്ത കാര്യങ്ങൾ കണക്കിലെടുത്തും ലഭ്യമായിട്ടുള്ള ഒഴിഞ്ഞു കിടക്കുന്ന സ്ഥലങ്ങളും ദ്വീപിൽ ജനവാസമുള്ളതും ഇല്ലാത്തതുമായ മേഖലകൾ മുൻനിർത്തിയാണ്.

2.2.2 കൽപേനി ദ്വീപിന്റെ നിയന്ത്രിത/ കരുതൽ മേഖല ശാസ്ത്രീയ മാനദണ്ഡങ്ങൾ പ്രകാരം ദ്വീപിനെ അനുബന്ധം IIIൽ പറഞ്ഞ പ്രകാരം വിഭജിച്ചു കൊണ്ടാണ്. ദ്വീപിലെ ജനവാസ മേഖല പൊതുവെ വീതി കുറഞ്ഞ വടക്കു ഭാഗത്തൊഴികെ എല്ലാ ഭാഗത്തും ഒരേ പ്രകാരമാണ്. ഇക്കാരണത്താൽ ജനവാസ മേഖലയ്ക്കും ജനവാസം കുറഞ്ഞ മേഖലയ്ക്കും വെവ്വേറെ കരുതൽ മേഖല വേണമെന്നില്ല. എന്നിരുന്നാലും തീരപ്രദേശം കടലിൽ നിന്നുള്ള ആക്രമണ ഭീഷണി വ്യാപകമായി നേരിടുന്നുണ്ട്. ആയതിനാൽ ശാസ്ത്രീയ മാനദണ്ഡങ്ങൾ വെച്ച് ലഗൂൺ ഭാഗത്തെ കടൽ തീരത്തു നിന്നും 30 മീറ്റർ വീതിയിൽ കരുതൽ /സംരക്ഷിത നിർമ്മാണ നിരോധിത മേഖല നിശ്ചയിക്കുന്നു. കടലിനെ അഭിമുഖീകരിക്കുന്ന കിഴക്ക് ഭാഗത്ത് ഇത് 20 മീറ്റർ വീതിയിലുമാണ്. ഇക്കാര്യം ദ്വീപു മാനേജ്മെന്റ് പ്ലാനിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

## 3. സംയോജിത ദ്വീപു മാനേജ്മെന്റ് പ്ലാനിന്റെ സവിശേഷതകൾ

ദ്വീപിന്റെ മാനേജ്മെന്റ് പ്ലാൻ അനുവദനീയമായ കാര്യങ്ങളും നിരോധിക്കപ്പെട്ട കാര്യങ്ങളും ദ്വീപിൽ നിലവിലുള്ള ഭൂവിനിയോഗ സമ്പ്രദായങ്ങൾ, ദ്വീപിന്റെ അഭിവാജ്യ ഘടകമായ ലഗൂൺ, ജനവാസ

മേഖല, ജനവാസമില്ലാത്തതോ ചുരുങ്ങിയതോ ആയ സ്ഥലങ്ങൾ എന്നിവയെല്ലാം കണക്കിലെടുത്താണ് തയ്യാറാക്കിയിട്ടുള്ളത്. 2011-21 എന്നീ പത്തു വർഷ കാലത്തേക്കാണ് ഈ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. ആ പ്ലാൻ ആവശ്യാനുസരണം പുതുക്കിക്കൊണ്ട് അതിലും കൂടുതൽ കാലത്തേക്ക് നീട്ടാവുന്നതാണ്. പ്ലാനിലെ ചില സവിശേഷവും പ്രധാനപ്പെട്ടതുമായ കാര്യങ്ങൾ താഴെ പ്രകാരമാണ്.

## 3.1 നിലവിലുള്ള ഭൂവിനിയോഗം.

ദ്വീപിലെ ഭൂമിയിൽ 60 ശതമാനം ഇപ്പോൾ തന്നെ ജനവാസ ആവശ്യങ്ങൾക്കായി വിനിയോഗിച്ചിട്ടുണ്ട്. ഇവിടങ്ങളിലെല്ലാം തെങ്ങുകൾ ഇടതൂർന്ന് നിൽക്കുന്നു. ദ്വീപു മുഴുവനായും തെങ്ങു കൃഷിയാണ്. ആശുപത്രി, പോസ്റ്റ് ഓഫീസ്, തുടങ്ങി ഗവൺമെന്റിന്റെ സ്ഥാപനങ്ങളും അർദ്ധ ഗവ:സ്ഥാപനങ്ങളും ദ്വീപിന്റെ കേന്ദ്രഭാഗത്താണ് സ്ഥിതി ചെയ്യുന്നത്. ദ്വീപിന്റെ പടിഞ്ഞാറ് തീരത്ത് തുറമുഖ പ്രദേശത്ത് ഒരു ജെട്ടിയുമുണ്ട്. നിലവിലുള്ള റോഡുകൾ ദ്വീപിന്റെ എല്ലാ ഭാഗത്തെയും ബന്ധിപ്പിക്കുന്നുണ്ട്.

## 3.2 നിലവിലുള്ള ജനവാസ മേഖല

2011-ലെ സെൻസസ് അനുസരിച്ച് ഈ ദ്വീപിലെ ജനസംഖ്യ 4418 ആണ്. ഇത് ലക്ഷദ്വീപിലെ മൊത്തം ജനസംഖ്യയുടെ 7.12 ശതമാനമാണ്. കൽപേനിയിൽ ഒട്ടാകെ 720 വീടുകളുണ്ട്. ദ്വീപിലെ ആകെയുള്ള 230 ഹെക്ടർ സ്ഥലത്തിൽ 136 ഹെക്ടർ (59.13%) ജനവാസവുമായി ബന്ധപ്പെട്ട നിർമ്മാണങ്ങൾക്ക് വിധേയമാണ്.

ഹെക്ടർ സ്ഥലം ഒഴിഞ്ഞു കിടക്കുന്നതായി കാണുന്നു. ഹെക്ടർ റോഡുകൾക്കായി ഉപയോഗിച്ചിട്ടുണ്ട്.

## 3.3 നിലവിലുള്ളതും നിർദ്ദേശിച്ചിട്ടുള്ളതുമായ സംരക്ഷണ പരിപാടികൾ

ദ്വീപിന്റെ പരിസ്ഥിതിയുടെ അവിഭാജ്യ ഘടകങ്ങളായ പവിഴപ്പുറ്റുകൾ, കടലിലെ പുൽത്തടങ്ങൾ, മണൽ തിട്ടകൾ, ലഗൂണിലെ ജലമേഖല, ദ്വീപിലെ മതസാംസ്ക്കാരിക സ്ഥാപനങ്ങൾ, സ്മാരകങ്ങൾ, പ്രധാന പൊതു സ്ഥാപനങ്ങൾ, ദ്വീപിലെ പ്രകൃതി വിഭവം എന്നിവ സംരക്ഷിക്കേണ്ടതുണ്ട്. ദ്വീപിലെ ജനവാസ മേഖലയിലാണ് പ്രധാനമായും ഭൂഗർഭജല ശേഖരണമുള്ളത്. ദ്വീപിലുള്ള കുന്നുകളും തോട്ട പ്രദേശങ്ങളും സംരക്ഷിക്കേണ്ടതും ജലസംരക്ഷണത്തിന് അത്യാവശ്യമാണ്. പവിഴപ്പുറ്റുകൾ ദ്വീപിലെ പരിസ്ഥിതിയുടെ മുഖ്യ ഘടകമാണ്. ദ്വീപിലെ റീഫുമായി ബന്ധപ്പെട്ട് മറ്റ് രണ്ട് ദ്വീപുകൾ കൂടിയുണ്ട്. ദ്വീപിലെ ലഗൂണിനെ ചുറ്റിയുള്ള റീഫ് നന്നായി വികസിച്ച നിലയിലാണ്. അക്രോപോറ, പാൽമെട്ടാ എന്നീ ഇനം പവിഴപ്പുറ്റുകളാണ് റീഫുകളിൽ കൂടുതലായി കാണുന്നത്. 2002 ൽ ദ്വീപു ഭരണകൂടം നടത്തിയ സർവ്വെയിൽ ദ്വീപിന്റെ പടിഞ്ഞാർ റീഫ് പാർ തടത്തിലെ പവിഴപ്പുറ്റുകൾ 95 ശതമാനവും മൃതാവസ്ഥയിലാണ്. 10 ശതമാനം പവിഴപ്പുറ്റുകളാണ് മൊത്തമായി സജീവമായി കണ്ടിട്ടുള്ളത്. കൽപേനിക്ക് 25.6 ചത.കീ.മീ വിസ്താരമുള്ള
ആഴമേറിയ ലഗൂണാണുള്ളത്. ജനവാസമുള്ള ദ്വീപുകളിൽ ഇത് വലിപ്പം കൊണ്ട് അഞ്ചാം സ്ഥാനത്താണ്. തുറമുഖ വകുപ്പിലെ ലഗൂണ്ലെ മണ്ണുവാരലും നിക്ഷേപവും ലഗൂണ്ലെ നീരൊഴുക്കിനെ ബാധിക്കുന്നു. ആയതിനാൽ ലഗൂണിലെ ഗതാഗത മാർഗ്ഗത്തേക്ക് മാത്രമായി ഇത്തരം പ്രവർത്തനം പരിമിതപ്പെടുത്തേണ്ടതാണ്. ദ്വീപു മാനേജ്മെന്റ് നിർദ്ദേശത്തിൽ ദ്വീപിൽ നിന്നുള്ള മലിനജലവും

മാലിന്യങ്ങളും കടലിലെത്താതെ സൂക്ഷിക്കുന്നതിനായി വേലിയേറ്റ രേഖക്ക് മുകളിൽ കരുതൽ മേഖല നിർണ്ണയിച്ചിട്ടുണ്ട്. ദ്വീപിന്റെ കടൽതീരം വംശനാശം നേരിടുന്ന പലതരം പക്ഷികൾ, തെങ്ങുകൾ, ആമ മുതലായവയുടെ ആവാസ വ്യവസ്ഥയുടെ ഭാഗമാണ്. ലഗൂണിലെയും തീരപ്രദേശത്തെയും നിർമ്മാണ പ്രവർത്തനങ്ങൾ കരുതലോടെ നിയന്ത്രിച്ചില്ലെങ്കിൽ അത് കുറഞ്ഞതും കൂടിയതുമായ കാലത്തേക്ക് പരിസ്ഥിക്കും സമ്പത്തിനും ദോശകരമായി തീരും. സംരക്ഷിക്കപ്പെടേണ്ട സ്ഥാപനങ്ങളിൽ പള്ളികൾ, മദ്രസകൾ, ലൈറ്റ് ഹൗസ്, വിമാനത്താവളം, ജെട്ടികൾ, സ്കൂളുകൾ, ടൂറിസം ലക്ഷ്യങ്ങൾ, മീനിറക്കുന്ന കേന്ദ്രങ്ങൾ എന്നിവയുൾപ്പെടും. ഇവ പ്ലാനിൽ അടയാളപ്പെടുത്തിയിട്ടുണ്ട്.

## 3.4 നിലവിലുള്ളതും നിർദ്ദേശിച്ചിട്ടുള്ളതുമായ വികസന പദ്ധതികൾ

നിലവിലുള്ളതും അടുത്ത കൊല്ലത്തേക്ക് നിർദ്ദേശിച്ചിട്ടുള്ളതുമായ എല്ലാ പദ്ധതികളും സ്ഥാപനങ്ങളും ഭരണകൂടവുമായി കൂടിയാലോചിച്ച് പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിർദ്ദേശിക്കപ്പെട്ടതിൽ പ്രധാന സ്ഥാപനങ്ങൾ എൽ.പി.ജി ഗോഡൗൺ, മീൻ മാർക്കറ്റ്, ഫിഷറീസ് ഓഫീസ്, അറവു ശാല, അരി ഗോഡൗൺ, സിവിൽ സ്റ്റേഷൻ, ജലശുദ്ധീകരണ പ്ലാന്റ്, നാല് പാസഞ്ചർ ഹാളുകൾ, ബ്രേക്ക്വാട്ടർ പാലം എന്നിങ്ങനെയാണ്.

## 3.5 നിലവിലുള്ളതും നിർദ്ദേശിച്ചിട്ടുള്ളതുമായ അടിസ്ഥാന സൗകര്യങ്ങൾ

നിർദ്ദേശിച്ചിട്ടുള്ള അടിസ്ഥാന സൗകര്യങ്ങളിൽ ഉൾപ്പെട്ട ചിലത് ഇപ്രകാരമാണ്. പാസഞ്ചർ ഹാൾ, ചരക്കുകൾ കൈകാര്യം ചെയ്യാൻ പ്രത്യേകം പാലം, ഐസ്ക്രഷിങ്ങ് യൂണിറ്റ്, പവർഹൗസ്,

ജലശുദ്ദീകരണ പ്ലാന്റ്, ആയുർവേദ ഡിസ്പെൻസറി, ട്രാൻസിസ്റ്റ് താമസ സൗകര്യം, കോക്കനട്ട് പ്രോസസിങ്ങ് യൂണിറ്റ് എന്നിങ്ങനെയാണ്. ദ്വീപുഭരണകൂടം മൊത്തം ബജറ്റിന്റെ മൂന്നിൽ ഒരു ഭാഗം ദ്വീപിലെ തുറമുഖ വികസനത്തിനാണ് വിനിയോഗിക്കുന്നത്. പ്രധാന പ്രവർത്തനം വൻകരയ്ക്കും ദ്വീപിനുമിടയ്ക്കും ദ്വീപുകൾക്കിടക്കും യാത്രാ ഗതാഗത സൗകര്യമാണ്. ദ്വീപിലേക്കുള്ള ഗതാഗത സൗകര്യം വികസിപ്പിക്കേണ്ടതുണ്ട്. നിലവിലുള്ള ജെട്ടി നീട്ടുകയും വീതി കൂട്ടുകയും വേണം. മീറ്റർ നീളമുള്ള ചെറുകിട വിമാനത്താവളം ഇപ്പോഴുള്ള ഹെലിപ്പാഡിന്റെ വലിപ്പം കൂട്ടുകയും ചെയ്താൽ ദ്വീപിലേക്കുള്ള ഗതാഗതം മെച്ചപ്പെടും. ദ്വീപിന്റെ വടക്ക് ഭാഗത്തെ ജനവാസം തീരെ കുറവായതിനാൽ പ്ലോട്ട് ഉൾപ്പെടുത്തി റൺവേ നീളം കൂട്ടാവുന്നതാണ്.

## 3.6 നിലവിലുള്ളതും നിർദ്ദേശിക്കപ്പെട്ടതുമായ വിനോദ സഞ്ചാര പദ്ധതികൾ

ഈ ദ്വീപ് ഒരു തരത്തിലുള്ള വിനോദ സഞ്ചാരത്തിനും തുറന്നു കൊടുത്തിട്ടില്ല. ഈ ദ്വീപിനെ അന്ത്രോത്തോടൊപ്പം പ്രവേശന സംഘ ദ്വീപായി വികസിപ്പിക്കാൻ ഏറെ സാധ്യതയുണ്ട്. ദ്വീപിന്റെ വടക്കു ഭാഗത്തും ലഗൂണിലുള്ള ചെറിയം, പിട്ടി, തിലാക്കം എന്നീ ദ്വീപിനടുത്തവയും വിനോദ കേന്ദ്രങ്ങളായി വികസിപ്പിക്കാവുന്നതാണ്. വിനോദ സഞ്ചാരികളെ ആകർഷിക്കുന്ന ഇത്തരം വികസനങ്ങളുണ്ടായാൽ അവർക്കായി കോട്ടേജുകൾ ദ്വീപിലുണ്ടാക്കേണ്ടതുണ്ട്. ജനവാസം ചുരുങ്ങിയ ദ്വീപിന്റെ വടക്കു ഭാഗം ടൂറിസം വികസനപദ്ധതികൾക്ക് ഉപയോഗിക്കാവുന്നതാണ്. ദ്വീപിലെ ടൂറിസം പദ്ധതികൾ ദ്വീപിന്റെ പരിസ്ഥിതിക്ക് താങ്ങാവുന്ന ശേഷി കണക്കിലെടുത്തായിരിക്കണം.

## 3.7 തീര സംരക്ഷണം.

ടെട്രാപോഡ്, ഹോളോ ബ്ലോക്ക്, ചരലും മണലും നിറച്ച കയർ സഞ്ചികൾ മുതലായവയുപയോഗിച്ചാണ് തീര സംരക്ഷണ പദ്ധതികൾ നടപ്പാക്കിയിട്ടുള്ളത്. ദ്വീപിലെ നിർദ്ദിഷ്ട ബ്രേക്ക്വാട്ടർ പദ്ധതിയുടെ ഇരുവശങ്ങളിലും തീര സംരക്ഷണ പ്രവർത്തികൾ നടത്തിയിട്ടുണ്ട്. ഇവ തീര സംരക്ഷണത്തിന് ഫലപ്രദമാണെങ്കിലും മറ്റ് പ്രവർത്തനങ്ങളായ ടൂറിസം, മത്സ്യ ബന്ധന പ്രവർത്തനങ്ങൾക്ക് തടസ്സമായാണ് നിൽക്കുന്നത്. ദ്വീപിലെ തെക്ക് ഭാഗത്ത് ദ്വീപ് സമുദ്ര നിരപ്പിൽ നിന്നും 1 മീറ്റർ മുതൽ 2.5 മീറ്റർ വരെ ഉയരത്തിലാണ്. ആയതിനാൽ ഇവിടെ പ്രത്യേകം സംരക്ഷണ സംവിധാനം അത്യാവശ്യമാണ്. ദ്വീപിൽ നിന്നുള്ള കൂടുതലുള്ള വെള്ളക്കെട്ട് പുറത്തോട്ട് ഒഴുക്കാനായി ബി.എസ്.എൻ.എൽ ഉപഗ്രഹ ഭൗമ കേന്ദ്രത്തിനടുത്ത് ചാൽ ഉണ്ടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. തീര സംരക്ഷണത്തിന് ഒരു ദീർഘകാല പരിഹാരമെന്ന നിലയിൽ കടൽത്തീരത്ത് മരങ്ങൾ നട്ടുപിടിപ്പിക്കേണ്ടതുമാണ്.

## 3.8 നിലവിലുള്ള ഭൂഗർഭ ജല സംവിധാനം

ദ്വീപിലെ കുടിവെള്ള സ്രോതസ് പരിമിതമാണ്. ദ്വീപിന് താങ്ങാവുന്ന ഭൂഗർഭ ജല ശേഖരം 3.74 ദശലക്ഷം ക്യൂബിക് മീറ്ററാണ്. ദ്വീപിന്റെ എന്നാൽ ലഭ്യതയുടെ തോത് 0.48 ദശലക്ഷം ക്യൂബിക്ക് മീറ്ററാണ്. ദ്വീപിലെ ഭൂഗർഭ ജല ലഭ്യതയുടെ കാര്യത്തിൽ കൽപേനി രണ്ടാം സ്ഥാനത്താണ്.

4 വിവിധ ഭൂവിനിയോഗ മേഖലകളിലെ വികസന പ്രവർത്തനങ്ങൾക്കുള്ള അനുവാദം.

നിലവിലുള്ള കൽപേനി ദ്വീപിലെ ഭൂവിനിയോഗ രീതിയനുസരിച്ച് ദ്വീപിനെ രണ്ട് മേഖലകളാക്കാം. ലഗൂൺ മേഖല, ജനവാസ മേഖല എന്നിങ്ങനെ. ലഗൂൺ മേഖല ഒരു അതീവ പരിസ്ഥിതി ലോല പ്രദേശമാണ് (ESZ-I). ഇത് അടിസ്ഥാനമായി നിരോധിത മേഖലയാണ്. ഇവിടത്തെ എല്ലാ വികസന പ്രവർത്തനങ്ങളും അഡ്മിനിസ്ട്രേറ്ററുടെ മാത്രം അനുവാദത്തോടുകൂടി മാത്രം ചെയ്യേണ്ടതാണ്. ദ്വീപിലെ ജനവാസ മേഖല വടക്ക് ഭാഗത്തൊഴികെ ദ്വീപിലുടനീളം ഏകദേശം ഒരേ പോലെയാണ്. ഇതും ഒരു പരിസ്ഥിതി ലോല പ്രദേശമാണ് (ESZ-II). ഇത് ഒരു നിയന്ത്രിത സംരക്ഷണ മേഖലയാണ്. ഈ മേഖലയ്ക്കു ചുറ്റും നിർമ്മാണ നിരോധിത മേഖല വേലിയേറ്റ രേഖയിൽ നിന്ന് അതിർ നിശ്ചയിച്ച് സംയോജിത ദ്വീപ് മാനേജ്മെന്റ് പ്ലാനിൽ വേർതിരിച്ച് രേഖപ്പെടുത്തിയിട്ടുണ്ട്. ദ്വീപുകാർ കൂടുതലായും ഈ മേഖലയിലാണ് വസിക്കുന്നത്. ആയതിനാൽ അവരുടെ ഭാവിയിലെ ആവശ്യങ്ങൾ മുൻ നിർത്തി ഗ്രാമസഭ പഞ്ചായത്ത് എന്നീ സ്ഥാപനങ്ങൾ ഉചിതമായ രീതിയിൽ ഈ മേഖലയിലെ വികസനങ്ങൾ നിയന്ത്രിക്കേണ്ടതാണ്. ദ്വീപിന്റെ വടക്ക് ഭാഗത്തുള്ള ജനവാസം കുറഞ്ഞ പ്രദേശം നിയന്ത്രിത ടൂറിസം വികസനത്തിന് ഏറെ സാധ്യതയുള്ള ഭാഗമാണ്. അതിലൂടെ തൊഴിൽ സാധ്യതയുമുണ്ടാകാം. ദ്വീപിലെ ഭൂവിനിയോഗ രീതികൾ കണക്കിലെടുത്ത് ലളിതമായ ഒരു വികസന നിയന്ത്രണ ചട്ടവും കെട്ടിട നിർമ്മാണ നിയമവും തയ്യാറാക്കി അനുബന്ധം VI ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്ക് ലക്ഷദ്വീപ് തീരദേശ മാനേജ്മെന്റ് അതോറിറ്റി (LCZMA) ലക്ഷദ്വീപ് പരിസ്ഥിതി

എന്നിവരുടെ ക്ലിയറൻസും ദ്വീപ് പഞ്ചായത്ത് ജില്ലാ പഞ്ചായത്ത് എന്നിവരുടെ അനുവാദവും ആവശ്യാനുസരണം വാങ്ങേണ്ടതാണ്.